# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3519

17.12.2015 - ൽ
മറുപടിയ്ക്ക്

### മലപ്പുറം ആംഡ് ബറ്റാലിയൻ വനിതാ പോലീസ് കോൺസ്റ്റബിൾ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കാറ്റഗറി നമ്പർ 262/2014 മലപ്പുറം ആംഡ് ബറ്റാലിയൻ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് കാര്യമായി നിയമനം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.എസ്.പി മലപ്പുറം ബറ്റാലിയനിലേക്ക് വനിതാ സിവിൽ പോലീസ് ഓഫീസർമാരെ നിയമിക്കുന്നതിനായി 69 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ഇവർക്കുള്ള നിയമന ശുപാർശ പി.എസ്.സി യിൽ നിന്നും ലഭിച്ചിട്ടുള്ളതും വകുപ്പുതലത്തിൽ നിയമന നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) 2016 മെയ് മാസം 3-ാം തീയതി ഒരു വർഷം പൂർത്തിയായി കാലഹരണപ്പെടുന്ന പ്രസ്തുത ലിസ്റ്റിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിന് അടിയന്തിരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ നിലവിലെ എല്ലാ ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇനി ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (സി) യൂണിഫോം തസ്തികകളിലേക്ക് നിയമനത്തിനുള്ള റാങ്ക് പട്ടികകളുടെ കാലാവധി ഒരു വർഷമായതിനാൽ പ്രസ്തുത കാലയളവിൽ നിയമനങ്ങൾ നടക്കാതെ ലിസ്റ്റ് ഇല്ലാതാവുകയും എല്ലാ വർഷവും പരീക്ഷ നടത്തേണ്ട അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ലിസ്റ്റുകളിൽ നിന്ന് മുഴുവൻ പേർക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) യൂണിഫോം തസ്തികകളിലേക്ക് വാർഷിക നിയമനം നടത്തുന്നതിന്റെ ഭാഗമായിട്ടാണ് പി.എസ്.സി എല്ലാ വർഷവും പരീക്ഷ നടത്തുന്നത്. ഒരു വർഷ കാലയളവിൽ നിയമനങ്ങൾ നടക്കാതെ ലിസ്റ്റ് ഇല്ലാതാവുന്ന സാഹചര്യം ഉണ്ടായിട്ടില്ല. നിലവിലെ റാങ്ക് ലിസ്റ്റുകളിൽ നിന്നും 485 പേർക്ക് നിയമനത്തിനുള്ള നടപടിയായി. |

| | |
|---|---|
| **(ഡി)** ഇല്ലെങ്കിൽ ഈ ലിസ്റ്റുകളുടെ കാലാവധി 2 വർഷമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | **(ഡി)** ഇപ്പോൾ പരിഗണനയിലില്ല. |
| **(ഇ)** ലിസ്റ്റ് നിലനിൽക്കുകയും, പകുതി പേർക്ക് പോലും നിയമനം ലഭിക്കാതിരിക്കുകയും ചെയ്ത ഈ സമയത്ത് പുതിയ ലിസ്റ്റിനായി പരീക്ഷ നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ഇ)** ഉണ്ട്. നിലവിലെ ലിസ്റ്റിൽ നിന്നും പരമാവധി പേർക്ക് നിയമനം നൽകുന്നതാണ്. |
| **(എഫ്)** എങ്കിൽ നിലിവിലുള്ള ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (എഫ്) നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും 485 പേരെ വനിതാ സിവിൽ പോലീസ് ഓഫീസർമാരായി നിയമിക്കാൻ നടപടി പൂർത്തിയാക്കി ട്രെയിനിംഗ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**